കേൾക്കേണ്ട ശബ്ദം:
നീതിപീഠവും മാധ്യമങ്ങളും ജനാധിപത്യത്തെ സംരക്ഷിക്കാനായി ജാഗ്രത പുലർത്തുകയും കുരക്കുകയും വേണം.
- ജസ്റ്റിസ് കുര്യൻ ജോസഫ്

സത്യം സമ്പുഷ്ടം സമ്പന്നം

മക്തബ്

1193 മീനം 30
1439 റജബ് 26

പോലീസ് കൊലയാളി സംഘമായി മാറുമ്പോൾ

കേരളത്തിൽ സമീപകാലത്തായി കസ്റ്റഡി മരണം വർധിച്ചുവരുന്നത് ആശങ്ക ഉയർത്തുന്നതാണ്. അടിയന്തരാവസ്ഥക്ക് ശേഷം പോലീസിന് എതിരെ ഉയർന്ന ജനവികാരത്തെ തുടർന്ന് പോലീസ് സംവിധാനം അൽപ്പമൊന്ന് മെച്ചപ്പെട്ടിരുന്നു. എന്നാൽ അടിയന്തരാവസ്ഥ കാലത്തെ പോലീസ് സംവിധാനത്തിന് സമാനമായ അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുകയാണ്. അതിന് പൂർണ്ണ ഉത്തരവാദികൾ പോലീസിനെ കയറൂരി വിട്ട ഭരണാധികാരികൾ തന്നെയാണ്.

അടിയന്തരാവസ്ഥയുടെ കാലം ഓർക്കുക. അന്ന് പോലീസിനെ പൂർണ്ണമായും കയറൂരിവിട്ട ഒരു ആഭ്യന്തര മന്ത്രിയുണ്ടായിരുന്നു. കെ. കരുണാകരൻ. പോലീസ് നടത്തുന്ന എല്ലാ നിയമവിരുദ്ധ നടപടികളെയും അദേഹം സംരക്ഷിച്ചിരുന്നു. വൽസല പുത്രൻമാരായ ഒട്ടേറെ പോലീസ് ഉദ്യോഗസ്ഥർ അദേഹത്തിനുണ്ടായിരുന്നു. യഥാർത്ഥത്തിൽ അക്കാലത്ത് പോലീസ് മേധാവിയെന്നത് നോക്കുകുത്തിയായിരുന്നു. മർദക വീരരായ പോലീസ് ഉദ്യോഗസ്ഥർക്ക് കരുണാകരനുമായാണ് നേരിട്ട് ബന്ധം ഉണ്ടായിരുന്നത്.

എന്നാൽ അടിയന്തരാവസ്ഥക്ക് ശേഷം അക്കാലത്തെ പോലീസ് ക്രൂരതകൾ പുറത്തുവന്നു. പോലീസ് കോൺസൻട്രേഷൻ ക്യാമ്പിൽ കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി രാജനും വർക്കല വിജയനും കണ്ണനും ഒക്കെ കൊല്ലപ്പെട്ടതിന്റെ വിവരം പുറത്തുവന്നതോടെ വീരശൂര പരാക്രമികളായ പോലീസ് ഉദ്യോഗസ്ഥർക്ക് ജനരോഷത്തിന് മുന്നിൽ കൈയും കെട്ടി നിൽക്കേണ്ടി വന്നു. കരുണാകരൻ അവരെ പരമാവധി സംരക്ഷിക്കാൻ ശ്രമിക്കുകയും അതിന്റെ ഫലമായി നിയമത്തിന്റെ കണ്ണിൽ നിന്ന് രക്ഷപ്പെടാനും അവർക്കൊക്കെ കഴിഞ്ഞുവെങ്കിലും പഴയ പുലികൾ പിന്നീട് എലികളായാണ് ജീവിച്ചതെന്നത് ചരിത്രം. ജയറാം പടിക്കലും ലക്ഷ്മണനും മധുസൂദനനും പുലിക്കോടനും മുരളി കൃഷ്ണദാസും തുടങ്ങിയ പോലീസുകാർ എത്രമാത്രം ഒറ്റപ്പെട്ടും വെറുക്കപ്പെട്ടുമാണ് പിൽക്കാലത്ത് ജീവിതം തള്ളി നീക്കിയതെന്നത് ചരിത്രം.

അന്നത്തെ കരുണാകരന്റെ സ്ഥാനം ഇപ്പോൾ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പിണറായി വിജയൻ ഏറ്റെടുത്തിരിക്കുകയാണ്. പോലീസിന്റെ ആത്മവീര്യം ഒരു കാരണവശാലും തകർക്കാൻ അനുവദിക്കില്ലെന്നാണ് അദേഹം നിരന്തരമായി പറഞ്ഞു കൊണ്ടിരുന്നത്. ഒരു പോലീസുകാരനെയും നിയമവിരുദ്ധമായി പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന പ്രഖ്യാപനം അദേഹത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. അതിന്റെ ഫലം പോലീസിലെ ഒരു വിഭാഗം ഉൻമാദികളായി മാറുന്നു എന്നതാണ്.

പണ്ട് കരുണാകരനെ പ്രീണിപ്പിക്കാൻ പോലീസുകാർ മൽസരിച്ചത് പോലെ ഇപ്പോൾ ചിലർ പിണറായിയെ പ്രീണിപ്പിക്കാൻ മൽസരിക്കുകയാണ്. അതുകൊണ്ടാണ് ചുവന്ന ഷർട്ടും അടിവസ്ത്രവും ഒക്കെ ധരിച്ചുള്ള ഫോട്ടോകൾ നവമാധ്യമങ്ങളിൽ പ്രദർശിപ്പിക്കാൻ ചിലർ ധൈര്യം കാട്ടുന്നത്. പിണറായിയെയും മന്ത്രിസഭയെയും സ്തുതിക്കാൻ നവമാധ്യമങ്ങളെ ഉപയോഗിക്കുന്നത്.

ഇങ്ങനെയുള്ള പോലീസുകാർ കേസുകൾ അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമ്പോൾ എന്ത് സംഭവിക്കും. പ്രതിസ്ഥാനത്ത് ചുവന്ന ട്രൗസർ ധരിച്ചവരാണെങ്കിൽ അവരെ രക്ഷപ്പെടുത്താൻ ഇടപെടും. എതിർ പാർട്ടിക്കാരനാണെങ്കിൽ അവനെ പിടിച്ച് കുനിച്ച് നിർത്തി മർദിക്കും. പോലീസിന്റെ വീര്യം എന്നത് ഇതൊക്കെയായി മാറുകയാണ്.

വരാപ്പുഴയിൽ സംഭവിച്ചത് തന്നെ പരിശോധിക്കുക. ഒരു സാധാരണ തല്ല് കേസാണ് ഉണ്ടായത്. അതേ തുടർന്നുണ്ടായ ആത്മഹത്യ മറ്റൊരു സംഗതിയാണ്. തല്ല് കേസിൽ വീട്ടിൽ അതിക്രമിച്ചു കയറി അറസ്റ്റ് ചെയ്യേണ്ടുന്ന ആവശ്യകതയുണ്ടോ. കേസിലെ പ്രതികൾ ഒരു പ്രത്യേക പാർട്ടിയിൽപ്പെട്ടവരാണെന്നത് പോലീസുകാർക്ക് വീര്യം നൽകിയിട്ടുണ്ടാകാം. കേസിൽ പോലീസ് കസ്റ്റഡിയിലെടുത്ത ശ്രീജിത്ത് എന്ന യുവാവിന്റെ മരണത്തെ തുടർന്ന് എ.ആർ. ക്യാമ്പിലെ മൂന്ന് പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. എ.ആർ. ക്യാമ്പിലെ പോലീസുകാർക്ക് ഏതെങ്കിലും കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യാൻ അവകാശമുണ്ടോ. അങ്ങനെ അറസ്റ്റ് ചെയ്തവരെ സ്റ്റേഷൻ ഓഫീസർക്ക് ലോക്കപ്പ് ചെയ്യാൻ അവകാശമുണ്ടോ. അതിന്റെ അർത്ഥം നിയമവിരുദ്ധമായ കാര്യങ്ങളാണ് നടക്കുന്നതെന്നാണ്. അതിന്റെ കാരണം എന്തെന്നാണ് പരിശോധിക്കേണ്ടത്.

ആരോഗ്യ ഇൻഷൂറൻസ് പദ്ധതി ഉടൻ നടപ്പിലാക്കണം

ശ്രീകണ്ഠപുരം: സംസ്ഥാന സർവീസ് പെൻഷൻകാരുടെയും ആശ്രിതരുടെയും ആരോഗ്യ സുരക്ഷ ഇൻഷൂറൻസ് പദ്ധതി ഉടൻ നടപ്പിലാക്കണമെന്ന്

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ ഇരിക്കൂർ മണ്ഡലം യോഗം ആവശ്യപ്പെട്ടു. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കേണ്ട ഡി.എ. കുടിശ്ശിക അനുവദിക്കാത്തതിൽ യോഗം പ്രതിഷേധിച്ചു. മണ്ഡലം വൈസ് പ്രസിഡന്റ് വി.എ. അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. പി.പി. ചന്ദ്രാംഗദൻ, അപ്പു കണ്ണാവിൽ,പി.ടി. കുര്യാക്കോസ്, വി.ജെ. ജേക്കബ്, എ.എസ്. രാജമ്മാൾ,കെ.ടി. മുഹമ്മദ് കുഞ്ഞി, ഇ.ദാമോദരൻ, കെ.സി. ജോൺ, പി.ജി. സണ്ണി തുടങ്ങിയവർ സംസാരിച്ചു.

ആർദ്രം പദ്ധതി വിജയിപ്പിക്കുക: കെ.ജി.പി.എ

കണ്ണൂർ: കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ആർദ്രം പദ്ധതി വിജയിപ്പിക്കുന്നതിന് മുഴുവൻ ഫാർമസിസ്റ്റുമാരും മുന്നോട്ടുവരണമെന്ന് കെ.ജി.പി.എ കണ്ണൂർ ജില്ലാ സമ്മേളനം അഭ്യർത്ഥിച്ചു. സംസ്ഥാന സമ്മേളനത്തിന്റെ മുന്നോടിയായി നടന്ന ജില്ലാ സമ്മേളനം ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ കെ.പി. ജയപാലൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് സി.കെ. നന്ദനൻ അധ്യക്ഷത വഹിച്ചു. ഡോ. എ.ടി. മനോജ് മുഖ്യപ്രഭാഷണം നടത്തി. ഡോ. പി.കെ. അനിൽകുമാർ, എം.കെ. പ്രേമാനന്ദൻ, കെ. ഭാർഗവൻ, രതീദേവി, ഷിൻസ പുതുശേരി, എ.എൻ. സുനിൽ, കെ.എം. മുരളീധരൻ, കെ.ടി. സദാനന്ദൻ സംസാരിച്ചു. പി.വി. പ്രദീപ്കുമാർ സ്വാഗതവും പ്രദീപ് കുമാർ പാലേരി നന്ദിയും പറഞ്ഞു. ഭാരവാഹികളായി നെൽസൺ ജെ. ഫർണ്ണാണ്ടസ് (പ്രസിഡണ്ട്), പി.വി. പ്രദീപ്കുമാർ (സെക്രട്ടറി), സി.ടി. സന്തോഷ്കുമാർ, പി. വിനോദ് കുമാർ (വൈസ് പ്രസിഡണ്ട്), കെ. സരസ്വതി, എ.കെ. ജയദേവൻ (ജോയിന്റ് സെക്രട്ടറി), സി.കെ. നന്ദനൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

സൗജന്യ തൊഴിൽ പരിശീലനം

കണ്ണൂർ: കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സൗജന്യ തൊഴിൽ പരിശീലന പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ- ഗ്രാമീൺ കൗശല്യയിൻ കീഴിൽ തളിപ്പറമ്പ് പ്രവർത്തിക്കുന്ന സെന്റം വർക്ക് സ്കിൽസിലേക്ക് രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. റീടെയിൽ അസോസിയേറ്റ് ട്രെയിനി, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ് എന്നീ മൂന്ന് മാസ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. പദ്ധതിയിൽ അംഗമാകുന്നവർക്ക് സൗജന്യ പരിശീലനം, യാത്രാ ചെലവ്, യൂണിഫോം മറ്റ് പഠന സാമഗ്രികൾ തുടങ്ങിയവയും ലഭിക്കും. എസ് സി /എസ് ടി /ന്യൂനപക്ഷ വിഭാഗക്കാർക്ക് മുൻഗണന ലഭിക്കും. ബിപിഎൽ, കുടുംബശ്രീ കുടുംബാംഗം, തൊഴിലുറപ്പ് പദ്ധതി കുടുംബാംഗം എന്നിവയിലുൾപ്പെട്ട പത്താതരം മുതൽ വിദ്യാഭ്യാസ യോഗ്യതയും 18 നും 35 നും ഇടയിൽ പ്രായമുള്ള തളിപ്പറമ്പ്, പയ്യന്നൂർ, കല്ല്യാശ്ശേരി, ഇരിക്കൂർ, കണ്ണൂർ ബ്ലോക്ക് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്ത് നിവാസികളായ യുവതി യുവാക്കൾക്കാണ് അവസരം. താൽപര്യമുള്ളവർ തളിപ്പറമ്പ് മൂത്തേടത്ത് ഹൈസ്ക്കൂളിന് സമീപമുള്ള സെന്റം വർക്ക്സ് സ്ക്കിൽസിൽ നേരിട്ട് എത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്.

അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ കേരള സർക്കാരും കുടുംബശ്രീ മിഷനും സംയുക്തമായി നടപ്പാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതിയിലൂടെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. സൗജന്യ പരിശീലനത്തോടൊപ്പം യൂണിഫോം, ഭക്ഷണം, യാത്രാബത്ത മറ്റ് പഠന സാമഗ്രികൾ സൗജന്യമായിരിക്കും. ബി പി എൽ/ കുടുംബശ്രീ കുടുംബാംഗം/ തൊഴിലുറപ്പ് പദ്ധതി കുടുംബാംഗങ്ങൾ എന്നിവർക്കാണ് അവസരം.

സമീപ ഗ്രാമപഞ്ചായത്തുകളിലെ എസ് എസ് എൽ സി മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളതും 18 നും 35 നും ഇടയിൽ പ്രായമുള്ളവരുമായ യുവതീയുവാക്കൾ കണ്ണൂർ സെന്റം വർക്സ് പരിശീലന സ്ഥാപനത്തിൽ നടക്കുന്ന രജിസ്ട്രേഷനിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. ഫോൺ: 9809397656, 9746550282.

സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമിച്ചവരെ രക്ഷിച്ച പോലീസുകാർക്കെതിരെ നടപടി വേണം

തളിപ്പറമ്പ: വയൽക്കിളി സമരനേതാവ് സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമിച്ച പ്രതികളെ തിരിച്ചറിഞ്ഞിട്ടും അറസ്റ്റ് ചെയ്യാതെ കേസ് അട്ടിമറിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് കീഴാറ്റൂർ സമര ഐക്യദാർഢ്യ സമിതി ആവശ്യപ്പെട്ടു. തളിപ്പറമ്പ എസ്. ഐയുടെ നേതൃത്വത്തിലാണ് കേസ് അട്ടിമറിച്ചത്. എസ്.ഐയെ നേരത്തെ മാലൂരിലേക്ക് സ്ഥലംമാറ്റിയപ്പോൾ സി.പി.എം നേതൃത്വം ഇടപെട്ടാണ് അത് റദാക്കിയത്. അതിന്റെ പ്രത്യുപകാരമായാണ് പ്രതികളെ രക്ഷപ്പെടുത്തിയതെന്ന് സമിതി ചെയർമാൻ ഡോ. ഡി. സുരേന്ദ്രനാഥും കൺവീനർ നോബിൾ എം. പൈകടയും ആരോപിച്ചു. പ്രതികളെ അറസ്റ്റ് ചെയ്തില്ലെങ്കിൽ പോലീസ് സ്റ്റേഷൻ മാർച്ച് സംഘടിപ്പിക്കുമെന്നും അവർ മുന്നറിയിപ്പ് നൽകി.

ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി സമാപനം നാളെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കണ്ണൂർ: കോട്ടയം അതിരൂപത ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി സമാപനം കണ്ണൂരിൽ തുടങ്ങി. ഇന്ന് രാവിലെ ശ്രീപുരം ബറുമറിയം പാസ്റ്ററൽ സെന്ററിൽ മിഷനറി സന്യസ്ത സംഗമം ആരംഭിച്ചു. കോട്ടയം അതിരൂപത മെത്രോപ്പൊലിത്ത മാർ മാത്യു മൂലക്കാട്ട്, സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ, ഗ്വാളിയോർ രൂപത മെത്രാൻ മാർ തോമസ് തെന്നാട്ട് തുടങ്ങിയവർ സംബന്ധിക്കുന്നുണ്ട്. നാളെ ഉച്ചക്ക് 2.30ന് ജവഹർ സ്റ്റേഡിയത്തിൽ നിന്ന് സമാപന റാലി ശ്രീപുരത്തേക്ക് നടക്കും. റാലി കോട്ടയം അതിരൂപത വികാരി ജനറൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഫ്ളാഗ് ഓഫ് ചെയ്യും. മൽസരാടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകൾ ആയി തിരിച്ചാണ് റാലി നടത്തപ്പെടുന്നത്. തുടർന്ന് നാല് മണിക്ക് ശ്രീപുരം സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന സമാപന സമ്മേളനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോട്ടയം അതിരൂപത മെത്രപ്പോലീഞ്ഞ മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിക്കും. അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ സ്വാഗതം പറയും. തലശേരി അതിരൂപതാ മെത്രാപ്പോലീഞ്ഞ മാർ ജോർജ് ഞറളക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തും. ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി നിർമ്മിച്ച് നൽകിയ 113 ഭവനങ്ങളുടെ താക്കോൽ ദാന കർമ്മം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നിർവഹിക്കും. മലബാറിലെ വിവിധ ഇടവകകൾ ചേർന്ന് പ്ലാറ്റിനം ജൂബിലി വർഷത്തിൽ നടത്തിയ കലാ മൽസരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ഫൊറോനയ്ക്ക് കണ്ണൂർ ബിഷപ്പ് അലക്സ് വടക്കുംതലയും കായിക മൽസരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ഫൊറോനയ്ക്ക് കെ. എം. ഷാജി എം.എൽ.എയും സമ്മാനം വിതരണം ചെയ്യും. പ്ലാറ്റിനം ജൂബിലി വർഷത്തിൽ ഏർപ്പെടുത്തിയ കർഷക അവാർഡ് പി.കെ. ശ്രീമതി ടീച്ചർ എം.പി. നൽകും. മുഖ്യ പ്രഭാഷണം രാമചന്ദ്രൻ കടന്നപ്പള്ളിയും നടത്തും.

വെള്ളാവ് കാവ് ദക്ഷിണാമൂർത്തി ക്ഷേത്ര ആയിരംകുടം അഭിഷേക മഹോത്സവം നാളെ തുടങ്ങും

തളിപ്പറമ്പ: വെള്ളാവ് കാവ് ദക്ഷിണാമൂർത്തി ക്ഷേത്രത്തിലെ ആയിരംകുടം അഭിഷേക മഹോത്സവം നാളെ മുതൽ 27 വരെ വിവിധ കലാ സാംസ്കാരിക പരിപാടികളോടെ നടത്തുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാളെ രാവിലെ ആറ് മണിക്ക് ഗണപതി ഹോമം, 6.30ന് ഉഷപൂജ, തുടർന്ന് ആയിരംകുടം അഭിഷേകം, പത്ത് മണിക്ക് ശ്രീഭൂതബലി. 15ന് വിഷുക്കണി ദർശനം. 16ന് വൈകുന്നേരം ഏഴ് മണിക്ക് സാംസ്കാരിക സമ്മേളനം മലബാർ ദേവസ്വം നീലേശ്വരം ഏരിയാ കമ്മിറ്റി ചെയർമാൻ ഡോ. സി.കെ. നാരായണ പണിക്കർ ഉദ്ഘാടനം ചെയ്യും. ട്രസ്റ്റി ബോർഡ് ചെയർമാൻ എൻ.വി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ അധ്യക്ഷത വഹിക്കും. മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി, സുരേന്ദ്രൻ, സി.എം. പ്രകാശൻ സംസാരിക്കും. പി.കെ. യജ്ഞൻ നമ്പൂതിരി സ്വാഗതവും പി.വി. നാരായണൻ കുട്ടി നന്ദിയും പറയും. 17ന് രാത്രി 8.30ന് ഭക്തി ഗാനമേള. 18ന് വൈകിട്ട് 7.30ന് പെരികമന ശ്രീധരൻ നമ്പൂതിരി പ്രഭാഷണം നടത്തും. 9.30ന് നൃത്തനൃത്യങ്ങൾ. 19ന് രാവിലെ മുതൽ ശിവപുരാണ പാരായണം. 20ന് വൈകീട്ട് 7.30ന് ഡോക്ടർ ഇ. ശ്രീധരൻ 'സ്വയംഭൂവിന്റെ സവിശേഷതകൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. ഒമ്പത് മണിക്ക് പുരുഷൻമാരുടെ തിരുവാതിരയും നടക്കും. 21ന് രാത്രി ഒമ്പത് മണിക്ക് നാട്ടറിവ് പാട്ടുകൾ, തിരുവാതിരക്കളി, നൃത്തനൃത്യങ്ങൾ എന്നിവ അരങ്ങേറും. 22ന് രാവിലെ മുതൽ ശിവപുരാണ പാരായണം, വൈകിട്ട് 7.30ന് മുരളീധര വാര്യരുടെ പ്രഭാഷണം. 23ന് വൈകിട്ട് 9.30ന് മാസ്റ്റർ യദുശങ്കറിന്റെ തായമ്പക. 24ന് വൈകിട്ട് 8.30ന് സംഗീതാർച്ചന, 9.30ന് തായമ്പക. 25ന് രാത്രി 9.30ന് കോൽക്കളി. 26ന് വൈകീട്ട് 7.30ന് സംഗീതാർച്ചന, 8.30ന് തായമ്പകയും 27ന് രാവിലെ ഉഷപൂജ, ശ്രീകൃഷ്ണൻ വിശേഷാൽ പൂജ, ആയിരം കുടം അഭിഷേകം, ഉച്ചപൂജ, രാവിലെ പത്ത് മണിക്ക് ശ്രീഭൂതബലി, 11 മണിക്ക് അഷ്ടപദി, പഞ്ചവാദ്യം മുതലായ വിശേഷ വാദ്യത്തോടെ തിടമ്പ് നൃത്തവും നടക്കും. ഉത്സവത്തിന് ശേഷം ഒരു മണി മുതൽ അന്നദാനവും ഉണ്ടാകും. എല്ലാ ദിവസവും വൈകുന്നേരം ആറ് മണിക്ക് ഭജനയും രാത്രി എട്ട് മണിക്ക് അന്നദാനവും ഉണ്ടായിരിക്കും.

നാഷണൽ ലോക് അദാലത്ത്; 941 കേസുകൾ പരിഗണിച്ചു

തളിപ്പറമ്പ: തളിപ്പറമ്പ കോടതി കോംപ്ലക്സിൽ നടന്ന നാഷണൽ ലോക് അദാലത്തിൽ 941 കേസുകൾ പരിഗണിച്ചു. വാഹന അപകട കേസുകൾ, പി.എൽ. (പ്രീലിറ്റഗേഷൻ) കേസുകൾ, സിവിൽ കേസ്, ക്രിമിനൽ കേസ്, ബി.എസ്.എൻ.എൽ സംബന്ധമായ കേസുകളാണ് അദാലത്തിൽ പരിഗണിച്ചത്. 2364161 രൂപ വിവിധ വിഭാഗങ്ങളിലായി വിധിയാവുകയും ചെയ്തു. 216 വാഹന അപകട കേസുകളാണ് പരിഗണിച്ചത്. ഇതിൽ 12 കേസ് തീർപ്പായപ്പോൾ 158,00000രൂപ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകാനും വിധിയായി. 29 പ്രീലിറ്ററേഷൻ കേസുകളാണ് പരിഗണിച്ചത്. ഇതിൽ ഒരു കേസ് മാത്രമേ തീർപ്പായിട്ടുള്ളൂ. ഈ കേസിൽ 348000രൂപയുടെ വിധിയായി. 250 സിവിൽ കേസ് പരിഗണിച്ചപ്പോൾ മൂന്ന് കേസുകൾ തീർപ്പാവുകയും ഒരു ലക്ഷത്തി പതിനൊന്നായിരം രൂപ നൽകാനും വിധിയായി. 206 ക്രിമിനൽ കേസുകൾ പരിഗണിച്ചെങ്കിലും ഒന്നുപോലും തീർപ്പായിട്ടില്ല. ബി.എസ്.എൻ.എല്ലുമായി ബന്ധപ്പെട്ട 246 കേസുകളാണ് പരിഗണിച്ചത്. ഇതിൽ 325161 രൂപയുടെ വിധിയായി. എം.എ.സി.ടി ജഡ്ജി ശേഷാദ്രിനാഥൻ അദാലത്തിന് നേതൃത്വം നൽകി.

ബാങ്ക് പെൻഷൻകാരോടുള്ള കേന്ദ്ര സർക്കാർ വിവേചനം അവസാനിപ്പിക്കണമെന്ന്

കണ്ണൂർ: ബാങ്ക് പെൻഷൻകാരോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനം അവസാനിപ്പിക്കണമെന്ന് ആൾ കേരള ബാങ്ക് റിട്ടയറീസ് ഫെഡറേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. സി.എൻ. ഗോപിനാഥ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എ.സി. മാധവൻ റിപ്പോർട്ട് അവതരിപ്പിച്ചു. പി.പി. ഭാർഗവൻ, എം. ചന്ദ്രൻ, സുകുമാർ കൂടാളി, കെ.കെ. ഗോവിന്ദൻകുട്ടി പ്രസംഗിച്ചു. സ്ഥിരം തൊഴിൽ നിഷേധത്തിനെതിരെയുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനം പിൻവലിക്കണമെന്നും ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

പൂവ്വത്ത് ആരംഭിച്ച പള്ളിത്തറ ജ്വല്ലേഴ്സ് ഷോറൂം കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി.നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

പള്ളിത്തറ ജ്വല്ലേഴ്സ് പൂവ്വം ഷോറൂം ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: പള്ളിത്തറ ജ്വല്ലേഴ്സിന്റെ പൂവ്വം ഷോറൂം ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി. നാരായണൻ ഉദ്ഘാടനം നിർവഹിച്ചു. അനേകം വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള പള്ളിത്തറ ജ്വല്ലേഴ്സിന് തളിപ്പറമ്പ്, കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിലും ഷോറൂമുകളുണ്ട്. പഴയ സ്വർണ്ണാഭരണങ്ങൾ മാറ്റിയെടുക്കുമ്പോഴും വിൽക്കുമ്പോഴും വിലയിൽ മാറ്റമില്ലാതെ എടുക്കും. ഫോൺ: 04602226649.

പ്രേമൻ പരശിനിക്കടവിന്റെ 'കുട്ടികളുടെ ഇ.എം.എസ്' പുസ്തക പ്രകാശനം ആനോത്ത് മുകുന്ദൻ നിർവഹിക്കുന്നു.

'കുട്ടികളുടെ ഇ.എം.എസ്' പ്രകാശനം ചെയ്തു

കണ്ണൂർ: പി.പി.പ്രേമൻ പറശിനിക്കടവിന്റെ 'കുട്ടികളുടെ ഇ.എം.എസ്' എന്ന പുസ്തകത്തിന്റെ പ്രകാശനം കണ്ണൂർ ഗുരുസ്മാരക ഓഡിറ്റോറിയത്തിൽ നടന്നു. നോവലിസ്റ്റ് ശേഖർജി അധ്യക്ഷനായി. പുസ്തക പ്രകാശനം ആനോത്ത് മുകുന്ദൻ നിർവഹിച്ചു. വിജയാ മുരളീധരൻ മാസ്റ്റർ ഏറ്റുവാങ്ങി.

കുടിശ്ശിക 30 വരെ അടക്കാം

കണ്ണൂർ: കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തിട്ടുള്ളതും തിരിച്ചടവ് കാലാവധി അവസാനിച്ചിട്ടുള്ളതും കുടിശികയായി കിടക്കുന്നതുമായ വായ്പകൾ ഒറ്റത്തവണയായി അടച്ച് വായ്പാ അക്കൗണ്ട് തീർക്കുന്നവർക്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്ന പദ്ധതിയുടെ കാലാവധി ഏപ്രിൽ 30 വരെ നീട്ടി. 30-നകം തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ കുടിശ്ശിക നിവാരണത്തിനായി പ്രവർത്തിക്കുന്ന പ്രത്യേക കൗണ്ടറുകളിൽ തുക അടച്ച് റവന്യു റിക്കവറി നടപടികളിൽ നിന്ന് ഒഴിവാകാവുന്നതാണെന്ന് കോർപറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

വിഷു സീസണിൽ പ്ലാസ്റ്റിക് റെയിഡ് ശക്തിപ്പെടുത്തും; മൂന്ന് കടകൾ പൂട്ടിച്ചു

കണ്ണൂർ: വിഷു സീസണിൽ പ്ലാസ്റ്റിക് കാരിബാഗുകളുടെ വിതരണം വ്യാപകമാവാനുള്ള സാധ്യത മുന്നിൽക്കണ്ട് റെയിഡുകൾ ശക്തമാക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് ജില്ലാ കലക്ടർ മീർ മുഹമ്മദലി നിർദ്ദേശം നൽകി. പ്ലാസ്റ്റിക് നിരോധനം, കുടിവെള്ള ക്ഷാമം, പുതിയ കെട്ടിടങ്ങൾക്കുള്ള ഭൂജല പരിപോഷണ സംവിധാനം, മാലിന്യ നിർമാർജനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നടത്തിയ അവലോകന യോഗത്തിലാണ് ഈ നിർദ്ദേശം നൽകിയത്. ചിലയിടങ്ങളിൽ റെയിഡിൽ പ്ലാസ്റ്റിക് ബാഗുകൾ കണ്ടെടുക്കുന്ന കേസുകളിൽ ചെറിയ തുക മാത്രം പിഴയീടാക്കുന്നത് ശ്രദ്ധയിൽ പെട്ടതായി ജില്ലാ കലക്ടർ പറഞ്ഞു. ഇത് അനുവദിക്കാനാവില്ല. പിടിച്ചെടുക്കുന്ന പ്ലാസ്റ്റിക് കാരിബാഗുകളുടെ തോതനുസരിച്ച് 5000 മുതൽ 10,000 വരെ രൂപ പിഴയീടാക്കാൻ കലക്ടർ നിർദ്ദേശം നൽകി.

നേരത്തേ പ്ലാസ്റ്റിക് ബാഗ് പിടിച്ചെടുത്ത് പിഴയീടാക്കിയ കടകളിൽ വീണ്ടും പരിശോധന നടത്തണം. ഇവിടെ നിന്ന് തുടർന്നും ലഭിക്കുന്ന പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ചില തദ്ദേശ സ്ഥാപനങ്ങളിൽ. പ്ലാസ്റ്റിക് നിരോധനം നല്ല രീതിയിൽ നടപ്പിലായി വരുന്നതായി യോഗം വിലയിരുത്തി. മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ മൂന്ന് കടകളുടെ ലൈസൻസ് റദ്ദ് ചെയ്തു. പ്ലാസിറ്റിക് ബാഗ് വിൽപ്പന ആവർത്തിച്ച ജില്ലയിലെ പത്തോളം കടകൾക്ക് ലൈസൻസ് റദ്ദ് ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

'പൂക്കാതെ പോയ വസന്തം' രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു

കണ്ണൂർ: ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച കണ്ണൂർ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ സഹൽ അഹമ്മദിന്റെ 'പൂക്കാതെ പോയ വസന്തം' കവിതാ സമാഹാരത്തിന്റെ രണ്ടാം പതിപ്പ് കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് കെ.ടി. ബാബുരാജ് കഥാകൃത്ത് ഹരിദാസ് കരിവെള്ളൂരിന് നൽകി പ്രകാശനം ചെയ്തു. അജേഷ് നല്ലാഞ്ചി പുസ്തക പരിചയം നടത്തി. ഇയ്യ വളപട്ടണം, കെ.വി. ജിജിൽ സംസാരിച്ചു. മുഹമ്മദ് റുഷ്ദി, നൗഷാദ് തമ്പുരാൻക്കണ്ടി, റിയാസ് പൊൻമാണിച്ചി, ഫൈസൽ കുട്ടിയാപ്പ്രത്ത്, സാബിർ വളപട്ടണം, പ്രസാദ് കൂടാളി, പങ്കെടുത്തു. സഹൽ അഹമ്മദ് മറുപടി പറഞ്ഞു. മൊയ്തു മായിച്ചാൻകുന്ന്

അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: സാംസ്കാരിക വകുപ്പിന് കീഴിലുള്ള മഹാകവി മോയിൻകുട്ടിവൈദ്യർ മാപ്പിളകലാ അക്കാദമി യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന സംസ്ഥാന തല കലാ പരിശീലനത്തിനുള്ള അപേക്ഷ ഏപ്രിൽ 16 വരെ സ്വീകരിക്കും. മാപ്പിളപ്പാട്ട്, കോൽക്കളി, ദഫ്, അറബന, വട്ടപ്പാട്ട്, ഒപ്പന, ഖിസ്സപ്പാട്ട്, മുട്ടുംവിളി എന്നീ ഇനങ്ങളിലാണ് പരിശീലനം. 18-നും 35-നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അക്കാദമിയിൽ നിന്നും മുൻ വർഷങ്ങളിൽ ഏതെങ്കിലും ഇനങ്ങളിൽ പരിശീലനം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കും സ്വന്തം മേൽവിലാസമെഴുതി അഞ്ച് രൂപയുടെ തപാൽ സ്റ്റാമ്പ് പതിച്ച കവർ, സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി, മലപ്പുറം ജില്ല 673638 എന്ന വിലാസത്തിൽ അയക്കുക. ഓഫീസിൽ നിന്നും നേരിട്ടും അപേക്ഷാ ഫോറം ലഭിക്കും. ഫോൺ: 0483 2711432.